**നമ്പർ.സി1/294/20201/ റ്റിസി**

*ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,*
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ*
*തിരുവനന്തപുരം - 14,*
[(0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in ]
തീയ്യതി, 14/12/2021

## <u>സർക്കുലർ നമ്പർ 20/2021</u>

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** - സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നയത്തിന്റെ ഭാഗമായി പെർമിറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.

സൂചന :-
1. സർക്കാർ ഉത്തരവ് നം.324/2021/ഗതാഗതം, തീയതി 23/09/2021.
2. ഈ കാര്യാലയത്തിൽ നിന്നുള്ള സർക്കുലർ നം.8/2021, 18/2020,19/2020.

സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നയം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ഡ്രൈവിംഗ് ലൈസൻസ് സംബന്ധമായ ടെസ്റ്റ് ആവശ്യമില്ലാത്ത സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആയികഴിഞ്ഞു. കൂടാതെ, ലേണേഴ്സ് ഡ്രൈവിംഗ് ടെസ്റ്റ്, ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ, വാഹനങ്ങളുടെ പുതിയ പെർമിറ്റ്(സ്റ്റേജ് കാര്യേജ് ഒഴികെ) എന്നിവയും ഓഫീസിൽ ഹാജരാകാതെ ഓൺലൈൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് വന്നുകഴിഞ്ഞു.

സൂചനപ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം വാഹന **പെർമിറ്റ് പുതുക്കുന്നത് ഫേസ്-ലെസ്സ് സേവനമായി നടപ്പിൽ വരുത്തുന്നു.** ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന രീതിയിൽ നടപടിക്രമങ്ങൾ പരിഷ്കരിച്ച് ഉത്തരവാകുന്നു.

ഓട്ടോറിക്ഷ, ടാക്സി, കോൺട്രാക്ട് കാര്യേജ്, ചരക്ക് വാഹനങ്ങൾ, EIB, PSV തുടങ്ങിയ എല്ലാതരം വാഹനങ്ങളുടെയും പെർമിറ്റ് പുതുക്കുന്നതിന് കാലാവധി കഴിയുന്നതിനു മുൻപുതന്നെ ഓൺലൈനായി parivahan.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിക്കേണ്ടതാണ്. നിശ്ചിത ഫീസ്, സർവ്വീസ് ചാർജ് എന്നിവ ഓൺലൈനായി തന്നെ അടയ്ക്കേണ്ടതാണ്. ഈ സേവനത്തിനായി പോസ്റ്റൽ ചാർജ് ആവശ്യമില്ല. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും, വാഹനം ഹൈപ്പോത്തിക്കേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ഫൈനാൻസിയറുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും, അപേക്ഷകൻ ഓൺലൈനായി തന്നെ അപ്ലോഡ് ചെയ്യേണ്ടതാണ്.

ഓൺലൈനായി ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ ഓഫീസിൽ വെരിഫൈ, അപ്രൂവൽ എന്നീ ആക്ഷനുകൾ ചെയ്ത് കാലതാമസം കൂടാതെ തീർപ്പ്കൽപ്പിക്കേണ്ടതുമാണ്.

ഇതിനായി അപേക്ഷയുടെ ഹാർഡ് കോപ്പിയോ, പകർപ്പോ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും, എൻ.ഒ.സി യുടെയും ഒറിജിനലോ പകർപ്പോ ഓഫീസിൽ ഹാജരാക്കേണ്ടതില്ലാത്തതും മറിച്ച് ആവശ്യമായ രേഖകൾ അപ്ലോഡ് ചെയ്യേണ്ടതുമാണ്.

ഓൺലൈനായി ഹാജരാക്കിയ രേഖകളിൽ ഏതെങ്കിലും തരത്തിലുള്ള കൃത്രിമം

ബോധ്യപ്പെട്ടാൽ അപേക്ഷകനെതിരെ നിയമാനുസൃതം നടപടികൾ കൈകൊള്ളേണ്ടതും ഹെഡ് ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഓൺലൈനായി അപ്രൂവ് ചെയ്ത ശേഷം ഓഫീസിൽ നിന്നും പ്രത്യേകതരം പേപ്പറിൽ പ്രിന്റ് ചെയ്ത പെർമിറ്റ് നൽകുന്ന സംവിധാനം ഇതിനാൽ നിർത്തലാക്കുന്നു. പെർമിറ്റുകൾ അംഗീകരിച്ചു കഴിഞ്ഞാൽ ആയത് അപേക്ഷകർ തന്നെ ഓൺലൈൻ മുഖാന്തിരം പ്രിന്റ് എടുക്കേണ്ടതാണ്.

ഈ സർക്കുലർ 24/12/2021 മുതൽ പ്രാബല്യത്തിൽ വരുന്നതും അതിനുശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്ക് ബാധകമാകുന്നതുമായിരിക്കും.

Digitally signed by M R AJITHKUMAR IPS
Date:Thu Dec 16 16:27:14 IST 2021
Reason: Approved

എം.ആർ.അജിത് കുമാർ, ഐ.പി.എസ്
ട്രാൻസ്പോർട്ട് കമ്മീഷണർ